ദേശീയപുസ്തകോത്സവം 2018

എഴുത്തരങ്ങ് സാംസ്കാരികോത്സവം

# അക്ഷരപ്പെരുമ

വാർത്താപത്രിക 1

കേരള സർക്കാർ
സാംസ്കാരികവകുപ്പ്

കേരള
സാഹിത്യ അക്കാദമി



പുസ്തകോത്സവം ഉദ്ഘാടനം

**എസ്.രാമകൃഷ്ണൻ**

ഫെബ്രുവരി 1

രാവിലെ 11 മണി

**ഷഹബാസ്** പാടുന്നു

ഫെബ്രുവരി ഒന്നിന് 06:30



പിണറായി വിജയൻ
കേരള മുഖ്യമന്ത്രി

**കേ**രള സാഹിത്യ അക്കാദമിയുടെ ദേശീയ പുസ്തകോത്സവത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു. അക്ഷരങ്ങൾ കൊളുത്തിവിട്ട ദീപ പ്രഭയിൽനിന്നാണ് ആധുനികകേരളം പിറവി യെടുത്തത്. അടിസ്ഥാനവർഗത്തിന്റെ ഉന്ന മനം സാധ്യമാക്കുന്നതിൽ രാഷ്ട്രീയ-നവോ ത്ഥാനപ്രസ്ഥാനങ്ങൾക്കും നായകന്മാർക്കു മൊപ്പം പുരോഗമനാശയങ്ങൾ പ്രതിഫലിപ്പിച്ച സാഹിത്യകാരന്മാരും അവരുടെ സൃഷ്ടികളും വലിയ പങ്കുവഹിച്ചിട്ടുണ്ട്. അങ്ങനെയുണ്ടായ സാംസ്കാരികമുന്നേറ്റം നിലനിർത്തുന്ന വിധ ത്തിലുള്ള ഇടപെടൽ സാഹിത്യ അക്കാദമി യുടെ ദേശീയപുസ്തകോത്സവത്തിനുണ്ടാകു മെന്ന് ഞാൻ കരുതുന്നു.

രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖ എഴുത്തുകാരുടെ ശ്രദ്ധേയമായ കൃതികൾ മല യാളത്തിന് പരിചയപ്പെടുത്താൻ അക്കാദമി യുടെ പുസ്തകോത്സവം സഹായകമാകും. പുസ്തകമേളക്കൊപ്പം എഴുത്തുകാരുടേയും സാംസ്കാരികനായകരുടേയും ഒത്തുചേരൽ സാംസ്കാരികകേരളത്തെ സമ്പന്നമാക്കട്ടെ. സാഹിത്യത്തിലെ വ്യത്യസ്ത വീക്ഷണങ്ങൾ തമ്മിലുള്ള ക്രിയാത്മകസംവാദത്തിന് ദേശീയ പുസ്തകോത്സവം വേദിയാകുമെന്ന് പ്രതീ ക്ഷിക്കുന്നു. വായന അന്യംനിന്ന് പോകുന്നു വെന്ന വിമർശനങ്ങൾക്കിടയിൽ പുതുതലമു റയെക്കൂടി പുസ്തകലോകത്ത് സജീവമാ ക്കാൻ സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യ ത്തിൽ നടത്തുന്ന പുസ്തകോത്സവത്തിന് കഴിയുമെന്ന് പ്രത്യാശിക്കുന്നു. ●

---



വി.എസ്.സുനിൽകുമാർ
കൃഷിവകുപ്പുമന്ത്രി

**കേ**രള സാഹിത്യ അക്കാദമിയുടെ ദേശീയ പുസ്തകോത്സവം ഏറെ പ്രാധാന്യമുള്ള സമ ഗ്രമായ സാംസ്കാരികോത്സവമാണ്. കലയും സർഗാത്മകസാഹിത്യവും വിജ്ഞാനസാഹി ത്യവും എല്ലാം ഒത്തുചേർന്നൊരു സംവാദ സദസ്സ് ഇവിടെ രൂപമെടുക്കുന്നു. പുതിയ പുസ്തകങ്ങളെ പരിചയപ്പെടാനും എഴുത്തു കാരെ പരിചയപ്പെടാനും സാംസ്കാരികചിന്ത കരുമായി സംവദിക്കാനും ഒക്കെയുള്ള സുവർണാവസരമാണ് കേരള സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ ഒരുക്കിയിട്ടു ള്ളത്. തൃശൂരിനെ സാംസ്കാരികനഗരിയാക്കി വികസിപ്പിക്കുന്നതിൽ ഈ പുസ്തകോത്സ വവും ശ്രദ്ധേയമായ പങ്കുവഹിക്കുന്നു. എല്ലാ വരുടേയും സഹകരണവും പിന്തുണയും സജീവപങ്കാളിത്തവും സംഘാടകസമിതി ചെയർമാൻ എന്ന നിലയിൽ ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുന്നു. ●



യു.എ.ഖാദർ
വിശിഷ്ടാംഗം
കേരള സാഹിത്യ അക്കാദമി

# വായന നൽകുന്ന ആദ്യപാഠം

**പു**സ്തകങ്ങൾ ഒരു വാഗ്ദാനമാണ്. മനുഷ്യരാശി കാണുന്ന ഏറ്റവും പ്രതീക്ഷാനിർഭരമായ സ്വപ്നം പുസ്തകങ്ങളെക്കുറിച്ചുള്ളതാണ്. പുസ്തകം തുറന്നുതരുന്ന നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്ന മഹാകാശങ്ങൾക്ക് പകരം വെക്കാൻ മറ്റൊന്നുമില്ല. പുസ്തകം വിജ്ഞാനദാഹം ശമിപ്പിക്കുന്നു. ഒപ്പം, സ്വന്തം ദുർവിധികളുടെ തലയിലെഴുത്ത് തിരുത്തുവാൻ സാധാരണക്കാരന് സമരായുധം നൽകുന്നു. ചരിത്രത്തിൽ പരിവർത്തനങ്ങൾക്ക് അരങ്ങും അണിയറയും ഒരുക്കിയത് പുസ്തകങ്ങളാണ്. സമത്വസുന്ദരമായൊരു ലോകം യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധമായ ചുവടുവെപ്പുകളാണ് പുസ്തകങ്ങൾ.

വായനയിലൂടെ ഇന്നലെകളിലേക്കും, ഒപ്പം, ഭാവിയിലേക്കും നമുക്ക് സഞ്ചരിക്കാനാവും. നമ്മൾ ചവിട്ടിനിൽക്കുന്ന മണ്ണിന്റെ ആർദ്രതയും ചാരിനിൽക്കുന്ന ഇടത്തിന്റെ ഈർപ്പവും തൊട്ടറിയാൻ വായന സ്പർശനശേഷി നൽകുന്നു. ഇന്നിനെക്കുറിച്ച് തിരിച്ചറിവുകൾ സ്വന്തമാക്കുക എന്നാൽ, നാളെയെ പടുത്തുയർത്താൻ അടിത്തറ പണിയുക എന്നാണർത്ഥം. വായന ഒരു സമൂഹം ഒന്നിച്ചുകാണുന്ന ഒരേ കിനാവാണ്.

വായനയിലൂടെ മനുഷ്യർ സ്വയം നിർമിക്കുന്നു. വായനയുടെ ലോകം നമുക്ക് ഉറപ്പുതരുന്ന സങ്കൽപ്പഭൂമികയിലേക്കുള്ള പ്രയാണമാണ് ജീവിതം. എത്രയോ നിസ്സാരമെന്ന് നമ്മൾ എഴുതിത്തള്ളിയവയൊക്കെ, മഹത്വവൽകരിച്ചുകാണാനും അനുഭാവപൂർവം പരിഗണിക്കാനും വായന നമുക്ക് ആർജ്ജവവും ആത്മവിശ്വാസവും നൽകുന്നു.

മുഴുവൻ മനുഷ്യനും ഉൾപ്പെടുന്ന ചരാചരപ്രകൃതിയെ സ്നേഹിക്കാനാണ് വായന നൽകുന്ന ആദ്യപാഠം. മാനവികതയും സാഹോദര്യവും ഊട്ടിയുറപ്പിക്കുന്നതോടൊപ്പം, പ്രകൃതിസ്നേഹവും നൈതികജാഗ്രതയും ധാർമികമൂല്യങ്ങളും പുസ്തകങ്ങൾ ഉയർത്തിപ്പിടിക്കുന്നു. കലാപത്തിന്റേയും കുരുതിയുടേയും വാർത്തകൾ, സമൂഹത്തിൽ ഇരുട്ട് പരത്തുമ്പോൾ, അരുതേ എന്ന് മുറവിളി കൂട്ടുകയാണ് പുസ്തകങ്ങൾ. പ്രകാശപൂർണമായ പ്രഭാതങ്ങൾ പുസ്തകങ്ങൾ ആഗ്രഹിക്കുന്നു. കാലത്തേയും ലോകത്തേയും കുറിച്ചുള്ള ദൃഢപ്രതീക്ഷകൾ സാക്ഷാൽകരിക്കുന്ന സാംസ്കാരികസന്ദർഭമാണ് പുസ്തകോത്സവം. ആശംസകൾ നേരുന്നു. ●

# ആശയസംവാദത്തിന്റെ പൊതു ഇടങ്ങൾ



വൈശാഖൻ
പ്രസിഡന്റ്
കേരള സാഹിത്യ അക്കാദമി

സഹിഷ്ണുതയുടെ സംസ്കാരത്തിന് മുറിവേൽക്കുന്ന ഒരു കാലമാണിത്. ജീവിതത്തെ മത്സരത്തിന്റേയും ആർത്തിയുടേയും മരുഭൂമിയാക്കി മാറ്റുന്ന കമ്പോളയുക്തിയും ലാഭേച്ഛയുമാണ് സമൂഹത്തെ അടക്കിവാഴുന്നത്. വർഗീയഫാസിസവും കോർപറേറ്റുകളും കൈകോർത്തുപിടിച്ചതോടെ പിറന്നത് നവമാനവസങ്കൽപങ്ങളെ ഒരുപാട് ദൂരം പിൻനടത്തുന്ന ഒരു അപരിഷ്കൃതയുഗമാണ്. ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കാൻ ആത്മവിശ്വാസം പകരുന്നത് കലയും സാഹിത്യവുമാണ്. അപരമനസ്സിനെ അറിയുവാനും ഐക്യദാർഢ്യപ്പെടുവാനും വിയോജിക്കുവാനും ഉള്ള സന്ദർഭമൊരുക്കുന്നത് പുസ്തകങ്ങളാണ്. വായന നമ്മെ നയിക്കുന്നത് ആശയകാലുഷ്യങ്ങളിൽനിന്നും സമന്വയത്തിലേക്കായിരിക്കും. വിജ്ഞാനത്തോടൊപ്പം വികസ്വരമാവുന്നതാണ് വിവേകം. അന്യജീവനുതകുന്ന വിധത്തിൽ സ്വന്തം ജീവിതത്തെ മാറ്റിത്തീർക്കുന്നതിലൂടെ ധന്യത നേടുന്നവരാണ് വിവേകികളെന്ന് ആശാൻ പാടി. താനൊഴിച്ചുള്ളതിനോടെല്ലാം ശത്രുത പ്രഖ്യാപിക്കുന്ന മനസ്ഥിതി സമൂഹത്തിൽ വേരൂന്നിപ്പടരുമ്പോൾ കവിവചനത്തിന് നൂറിരട്ടി പ്രസക്തി കൈവരുന്നു. മനുഷ്യർ പരസ്പരം മനസ്സിലാക്കപ്പെടാതെ ഒറ്റപ്പെട്ടുപോകുന്നിടത്ത് പുസ്തകങ്ങൾ സമാനഹൃദയങ്ങളെ ചേർത്തുപിടിക്കുന്നു.

ഹിംസയുടേയും അസഹിഷ്ണുതയുടേയും കാലത്ത് സംവാദത്തിന്റെ പൊതു ഇടങ്ങൾ സൃഷ്ടിക്കുകയെന്ന ജനാധിപത്യ ദൗത്യം നിറവേറ്റുകയാണ് പുസ്തകങ്ങൾ. അതുകൊണ്ടുതന്നെ പുസ്തകം സാധാരണ ജനതക്ക് ഒരു പടക്കോപ്പാണ്. ഇരുട്ടിന്റെ ശക്തികൾ പുസ്തകത്തെ ഭയക്കുകയും അവഗണിക്കുകയും എഴുത്തുകാരെ ശാരീരികമായി ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഗാന്ധിയുടെ ജീവനെടുത്ത വെടിയുണ്ടകൾ അടുത്ത ഇരയെത്തേടി ചീറിപ്പായുകയാണ്. സത്യം വിളിച്ചുപറയുന്ന കലാകാരന്മാരെ കാത്തിരിക്കുന്നത് മരണമാണെന്നതാണ് സമകാലിക ഇന്ത്യൻ യാഥാർത്ഥ്യം. നമ്മുടെ ആവിഷ്കാരസ്വാതന്ത്ര്യവും ജനാധിപത്യവ്യവസ്ഥയും മതേതരമൂല്യങ്ങളും മാരകമായ പരിക്കുകൾ നേരിടുന്നു. പൗരോഹിത്യം അവസാനവിധി കൽപിക്കുന്ന സവർണമേൽകോയ്മ തിരിച്ചുവരുന്നു. ന്യൂനപക്ഷങ്ങളും ദളിതരും ആദിവാസികളും ഉന്മൂലനഭീഷണി നേരിടുന്നു. 'പാകിസ്ഥാനിലേക്ക് പോകൂ' എന്ന ആക്രോശം തെരുവുകളിൽ മുഴങ്ങുന്നു. ജനഹൃദയങ്ങൾ ഇത്രയേറെ വിഭജിതമായൊരു കാലം മുമ്പുണ്ടായിട്ടില്ല.

സംസ്കാരത്തേയും വിദ്യാഭ്യാസത്തേയും ചരിത്രസ്മാരകങ്ങളേയും മതതീവ്രവാദം കവർന്നെടുക്കുന്ന സന്ദർഭത്തിൽ പുസ്തകോത്സവം നൈതികജാഗ്രതയുടെ ഒരന്തരീക്ഷം ഒരുക്കുന്നു. ഈ സാംസ്കാരികവേള നമ്മുടെ സാഹിത്യവിചാരങ്ങളേയും കലാനുഭവങ്ങളേയും അർത്ഥപൂർണമാക്കട്ടെ. ●

# അരികുവൽക്കരിക്കപ്പെട്ടവർക്കുവേണ്ടി അക്കാദമി



ഡോ.കെ.പി.മോഹനൻ
സെക്രട്ടറി
കേരള സാഹിത്യ അക്കാദമി

**അ**ക്കാദമിയുടെ പ്രവർത്തനം നിലവിലുള്ള സർക്കാരിന്റെ സാംസ്കാരികനയത്തിന് അനുയോജ്യമായിട്ടാണെന്ന് പറയുമ്പോൾ, അത് അക്കാദമിയുടെ സ്വയംഭരണാവകാശത്തെ നിഷേധിക്കലാവില്ലേയെന്ന് ആശങ്കപ്പെടുന്നവരുണ്ടാകാം. പക്ഷേ, കേരളത്തിലെ സാംസ്കാരികസ്ഥാപനങ്ങളുടെ നിലവിലുള്ള നടത്തിപ്പുരീതികളിൽ സർക്കാരിന് ഭരണസമിതി രൂപീകരണം മുതൽ ചില നിർദ്ദേശങ്ങളും സ്വാധീനങ്ങളും ഉണ്ടെന്നതാണ് സത്യം. ഇതിനർത്ഥം കേന്ദ്ര സാഹിത്യ അക്കാദമിയുടെ പൊതുഘടനയല്ല, കേരള സാഹിത്യ അക്കാദമിയുടേത് എന്നാണ്. എന്നാൽ, കഴിഞ്ഞ അറുപത് വർഷങ്ങൾക്കിടയിൽ വിവിധ അക്കാദമികളുടെ നടത്തിപ്പിൽ പ്രകടമായി സർക്കാർ കടന്നുകയറിയതിന്റെ ഉദാഹരണങ്ങൾ ഒരിടത്തുമില്ല. സാംസ്കാരികനയങ്ങളുടെ കാര്യത്തിലും ചില സമീപനങ്ങളുടെ കാര്യത്തിലുമൊഴിച്ചാൽ അടിസ്ഥാനപരമായ വ്യതിയാനങ്ങളൊന്നും അക്കാദമികളെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടില്ല. നിലവിലുള്ള സർക്കാരിന്റെ സാംസ്കാരികനയം എഴുത്തിന്റെ സ്വാതന്ത്ര്യവും സമഗ്രതയും സംരക്ഷിക്കപ്പെടണം എന്നതുതന്നെയാണ്. എഴുത്ത് കേവലം അക്ഷരങ്ങളുടേയും സൗന്ദര്യശാസ്ത്രങ്ങളുടേയും മണ്ഡലത്തിൽ ഒതുങ്ങിനിൽക്കുന്ന ഒന്നല്ലെന്നും അവസ്ഥകളുമായി അതിന് അനിഷേധ്യമായ ബന്ധമുണ്ടെന്നും അംഗീകരിക്കലാണ് ഇടതുപക്ഷ സാംസ്കാരികനയത്തിന്റെ അടിത്തറ. അതുകൊണ്ട്, സാഹിത്യ-സൗന്ദര്യശാസ്ത്രചർച്ചകൾക്കൊപ്പംതന്നെ ചരിത്രം, രാഷ്ട്രീയം, ദർശനങ്ങൾ തുടങ്ങിയ വിവിധ മണ്ഡലങ്ങളിലും ഇടപെടേണ്ട ബാധ്യത സാഹിത്യ അക്കാദമിക്ക് ഉണ്ടെന്ന് ഇപ്പോഴത്തെ ഭരണസമിതി കരുതുന്നു. എറിക് ഹോബ്സ്ബോം ജന്മശതാബ്ദി, മാർക്സിസവും മൂലധനവും ഒക്കെ കാലികപ്രാധാന്യത്തോടുകൂടി അക്കാദമി സംവാദങ്ങൾക്ക് ഏറ്റെടുക്കുന്നത് ഇക്കാരണത്താലാണ്.

സമൂഹത്തിന്റെ സൂക്ഷ്മതലങ്ങളിൽ ഈ സാംസ്കാരികസന്ദേശം എത്തിക്കണമെങ്കിൽ, വർണപ്പൊലിമയുള്ള മെഗാപരിപാടികളേക്കാൾ കൊച്ചുകൊച്ചുസംവാദസദസ്സുകൾ രൂപീകൃതമാവുന്നതായിരിക്കും നല്ലതെന്ന ധാരണയും അക്കാദമിക്കുണ്ട്. അതുകൊണ്ട്, നാട്ടിൻപുറങ്ങളിലെ സാംസ്കാരികസംഘടനകളുമായി സംഹകരിച്ച് മുന്നേറുക എന്ന അടിസ്ഥാനനയം അക്കാദമിക്ക് സ്വീകരിക്കേണ്ടിവരും. നാട്ടിൻപുറത്തെ ഒരു കൊയ്ത്തുൽസവവും വടക്കൻപാട്ടുൽസവവും കടൽത്തൊഴിലാളികളുടെ അനുഭവങ്ങളും കുടുംബശ്രീ തൊഴിലാളികളുടെ സർഗമോഹങ്ങളുമെല്ലാം അക്കാദമിയെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. ഈയൊരർത്ഥത്തിലാണ് തൊഴിലാളി - കർഷകജനവിഭാഗങ്ങൾക്കിടയിലേക്ക് അക്കാദമിയുടെ സന്ദേശമെത്തണമെന്ന് തുട



# ദേശീയപുസ്തകോത്സവം ഉദ്ഘാടനം

# എസ്.രാമകൃഷ്ണൻ

**1966** ഏപ്രിൽ 13-ന് തമിഴ്നാട്ടിലെ വിരുദുനഗർ ജില്ലയിലാണ് എസ്.രാമകൃഷ്ണൻ ജനിച്ചത്. വിരുദുനഗർ സെന്തിൽകുമാർ കോളേജിൽനിന്ന് എം.എ.യും മധുരൈ കാമരാജ് സർവകലാശാലയിൽനിന്ന് എം.ഫില്ലും നേടി.

ഓരങ്ങളിലേക്ക് വകഞ്ഞുമാറ്റപ്പെട്ട സാധാരണമനുഷ്യരുടെ വേദനകൾ ചിത്രീകരിച്ചുകൊണ്ടാണ് രാമകൃഷ്ണൻ ശ്രദ്ധേയനാവുന്നത്. ബ്രിട്ടീഷുകാർ ക്രിമിനലായി മുദ്രചാർത്തിയ ആദിവാസിഗോത്രത്തിന്റെ നിലനിൽപിന്റെ സന്നിഗ്ദ്ധാവസ്ഥ അനാവരണം ചെയ്യുന്ന നെടുംകുറുത്തി, ചെന്നൈ നഗരത്തിന്റെ മുന്നൂറുവർഷത്തെ ചരിത്രപശ്ചാലത്തിലുള്ള യാമം, തമിഴ് ഭാഷയിൽ ബിരുദം നേടിയതുകൊണ്ട് തൊഴിൽരഹിതനായ യുവാവിന്റെ കഥ പറയുന്ന ഉറുപശി എന്നീ നോവലുകൾ ഏറെ ചർച്ചചെയ്യപ്പെട്ടവയാണ്. ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ബംഗാളി, തെലുഗു, കന്നഡ, ഫ്രെഞ്ച് ഭാഷകളിലേക്ക് രചനകൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. നോവൽ, ചെറുകഥ, നാടകം, ബാലസാഹിത്യം, ലേഖനങ്ങൾ, പഠനങ്ങൾ തുടങ്ങിയ മേഖലകളിൽ നൂറിലധികം ഗ്രന്ഥങ്ങളുണ്ട്. ●

---

ക്കത്തിൽതന്നെ പ്രഖ്യാപിക്കപ്പെട്ടത്. ഇതിനർത്ഥം അക്കാദമിയുടെ മറ്റ് പ്രവർത്തനമണ്ഡലങ്ങളെ നിഷേധിക്കുകയെന്നതല്ല. പുസ്തകപ്രസിദ്ധീകരണത്തിനും വിൽപനക്കും ലൈബ്രറി നവീകരണത്തിനും ഡിജിറ്റൈസേഷൻ പരിപാടികൾക്കുമെല്ലാം തുല്യപ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനശൈലിയാണ് അക്കാദമി സ്വീകരിച്ചിട്ടുള്ളത്. ഡിജിറ്റൈസേഷൻ പരിപാടി കൂടുതൽ സാങ്കേതികമികവോടെ, ലക്ഷ്യബോധത്തോടെ, മുൻഗണനാസ്വഭാവത്തോടെ നടപ്പിലാക്കാനുള്ള ശ്രമത്തിൽ അക്കാദമി എത്തിച്ചേർന്നിട്ടുണ്ട്. ആനുകാലികപ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ ഗവേഷണരംഗത്ത് അംഗീകൃതമായ രണ്ട് ജേണലുകളെ കൂടുതൽ സ്വീകാര്യവും അംഗീകാര്യവുമായ അവസ്ഥയിലെത്തിക്കാനുള്ള ശ്രമങ്ങളും അക്കാദമിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്.

ദേശീയപുസ്തകോൽസവവും അതിനോടനുബന്ധിച്ച സാംസ്കാരികോൽസവവും അക്കാദമിയുടെ പ്രവർത്തനത്തിൽ ജനശ്രദ്ധ ഇതിനകം പിടിച്ചുപറ്റിക്കഴിഞ്ഞിട്ടുള്ള ഒന്നാണ്. ജനങ്ങൾ പുസ്തകങ്ങളിൽനിന്ന് അകലുന്നു എന്ന മുറവിളി ഉയരുമ്പോഴും പുതിയ പ്രസിദ്ധീകരണസംരംഭകരും പുതിയ പുസ്തകങ്ങളും ധാരാളമായി ഉണ്ടാകുന്നുണ്ട്. അവരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യംകൂടി പുസ്തകോത്സവത്തിനുണ്ട്. ഒരുപക്ഷേ, ഒറ്റപ്പെട്ട പ്രസിദ്ധീകരണസംരംഭകരെ ഒരേ കുടക്കീഴിൽ ഒന്നിപ്പിക്കുക എന്ന ദൗത്യമാണ് അക്കാദമിയുടെ പുസ്തകോത്സവം ഏറ്റെടുക്കുന്നത്. ഒറ്റപ്പെട്ട പ്രസാധകരുടെ പുസ്തകോത്സവങ്ങളേക്കാൾ അതിനുള്ള വ്യത്യാസം ഇതാണ്. അതുകൊണ്ടുതന്നെയാണ് അക്കാദമിയുടെ പുസ്തകോത്സവം കൂടുതൽ ശ്രദ്ധാകേന്ദ്രമായി മാറുന്നത്. ●



# കേരള സാഹിത്യ അക്കാദമി കർമ്മോത്സുകതയുടെ നാളുകൾ

2016-ൽ ചുമതലയേറ്റ വൈശാഖൻ പ്രസിഡണ്ടും ഡോ.കെ.പി.മോഹനൻ സെക്രട്ടറിയും ഡോ.ഖദീജ മുംതാസ് വൈസ് പ്രസിഡണ്ടുമായ അക്കാദമി ഭരണസമിതി സംഘടിപ്പിച്ച പരിപാടികളിലൂടെ ഒരോട്ടപ്രദക്ഷിണം.

- 2016 ഒക്ടോബർ 14. കലാചരിത്രകാരനും ചിത്രകലാനിരൂപകനുമായ വിജയകുമാർമേനോനെ ആദരിക്കുന്ന പരിപാടി സാഹിത്യ അക്കാദമി സംഘടിപ്പിച്ചു.
- അക്കാദമിയുടെ 60-ാംവാർഷികം ഒക്ടോബർ 15-ന് കേരള മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്തു. എൻ.എസ്. മാധവൻ മുഖ്യപ്രഭാഷണം നടത്തി.
- 'സാഹിത്യം പ്രതിരോധത്തിന്' എന്ന സന്ദേശം ഉയർത്തി, ദക്ഷിണേന്ത്യൻ എഴുത്തുകാരുടെ സംഗമം തെലുങ്കുകവി കെ.ശിവ റെഡ്ഢി ഉദ്ഘാടനംചെയ്തു. കെ.നീല, ഡോ.നാ. ദാമോദരഷെട്ടി, പരേഷ് നരേന്ദ്ര കാമത്ത്, മേഴ്സി മർഗരറ്റ്, ജയശ്രീ, അശോകൻ ചരുവിൽ, അഷ്ടമൂർത്തി, എൻ.രാധാകൃഷ്ണൻനായർ, ഡോ.ഖദീജ മുംതാസ്, കെ.രഘുനാഥൻ, കരിവെള്ളൂർ മുരളി തുടങ്ങിയവർ സംസാരിച്ചു.
- അക്കാദമിയും നവീന സംസ്കാരിക കലാകേന്ദ്രവും സംയുക്തമായി ഹൈദ്രാബാദിൽ സംഘടിപ്പിച്ച സാംസ്കാരികോത്സവം വൈശാഖൻ ഉദ്ഘാടനംചെയ്തു. പ്രമുഖ ഹിന്ദി കവി അശോക് വാജ്പേയ്, തെലുങ്കു സാഹിത്യകാരൻ സിങ്കമനേനി നാരായണ, വി.എം.ഗിരിജ, ചന്ദ്രമതി, ആഷാമേനോൻ, ടി.ഡി.രാമകൃഷ്ണൻ, ഖദീജ മുംതാസ്, കെ.പി.മോഹനൻ, സി.ആർ.നീലകണ്ഠൻ, നമ്പി നാരായണൻ തുടങ്ങിയവർ സംസാരിച്ചു.




• നവംബർ 19-ന് രാമവർമ്മ അപ്പൻതമ്പു രാന്റെ 75-ാം ചരമവാർഷികദിനം അയ്യന്തോൾ കൈരളീഗ്രാമത്തിൽ അപ്പൻതമ്പുരാൻ സ്മാര കവായനശാലയുടെ സഹകരണത്തോടെ സംഘടിപ്പിച്ചു.

• നവംബർ 4-ന് അക്കാദമി ഓഡിറ്റോറിയ ത്തിൽ നടന്ന ശ്രേഷ്ഠഭാഷാസെമിനാറിൽ വൈശാഖൻ അധ്യക്ഷപ്രസംഗം നടത്തി. കെ. പി.മോഹനൻ, ഖദീജ മുംതാസ്, പി.ആർ.വിജ യകുമാർ, കാവുമ്പായി ബാലകൃഷ്ണൻ, സി. പി.ഉദയഭാനു എന്നിവർ സംസാരിച്ചു.

• നവംബർ 29, 30 തീയതികളിൽ അക്കാദമി ഒരുക്കിയ പ്രൂഫ് വായന ശില്പശാല വൈശാ ഖൻ ഉദ്ഘാടനംചെയ്തു. കെ.പി.ശങ്കരൻ, കെ. പി.മോഹനൻ, കടാങ്കോട് പ്രഭാകരൻ, കെ. കെ.യതീന്ദ്രൻ, ടി.ബി.വേണുഗോപാലപ്പണി ക്കർ, കാവുമ്പായി ബാലകൃഷ്ണൻ, കെ. കെ.ശ്രീരാജ് തുടങ്ങിയവർ സംസാരിച്ചു.

• ഒക്ടോബർ 15 മുതൽ 22 വരെ തിരുവനന്ത പുരത്ത് എ.അയ്യപ്പൻ കവിതാപഠനഗവേഷണ കേന്ദ്രം ട്രസ്റ്റ് നടത്തിയ ദേശീയ കാവ്യോത്സ വത്തിൽ അക്കാദമി സജീവമായ പങ്കാളിത്തം വഹിച്ചു.

• ഡിസംബർ 15, 16 തീയതികളിൽ കൊല്ലം എസ്.എൻ.കോളേജിൽ നടത്തിയ കെ.പി. അപ്പൻ അനുസ്മരണസെമിനാറിൽ വി. എൻ.മുരളി, കെ.ബി.മനോജ്, ടി.ഡി.രാമകൃ ഷ്ണൻ, ശിവരാമൻ ചെറിയനാട്, സി.ഉണ്ണികൃ ഷ്ണൻ, പി.സി.റോയ്, എൻ.ശ്രീജ, മ്യൂസ്മേരി ജോർജ്ജ്, ഇ.പി.രാജഗോപാലൻ, സി.വി.ബാ ലകൃഷ്ണൻ, വി.ആർ.സുധീഷ്, നിനിത കണി ച്ചേരി തുടങ്ങിയവർ സംസാരിച്ചു.

• ഡിസംബർ 22-ന് വൈലോപ്പിള്ളി അനുസ്മ രണസമിതിയുടെ സഹകരണത്തോടെ സംഘ ടിപ്പിച്ച വൈലോപ്പിള്ളി സ്മരണയിൽ സുനിൽ പി.ഇളയിടം മുഖ്യപ്രഭാഷണം നടത്തി. എസ്. കെ.വസന്തൻ അധ്യക്ഷത വഹിച്ച സമ്മേളനം വൈശാഖൻ ഉദ്ഘാടനംചെയ്തു. എം.ആർ. ചന്ദ്രശേഖരൻ, ടി.കെ.അച്യുതൻ, പി.പി.കെ. പൊതുവാൾ, തേറമ്പിൽ രാമകൃഷ്ണൻ, കടാ ങ്കോട് പ്രഭാകരൻ, എ.വി.ശ്രീകുമാർ, കെ.പി. മോഹനൻ, സി.എം.ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു.

• ഡിസംബർ 27, 28, 29, 30 തീയതികളിലായി സംസ്ഥാനതല വിദ്യാരംഗം സർഗോത്സവം വിവിധ അക്കാദമികളുടേയും പൊതുവിദ്യാഭ്യാ സവകുപ്പിന്റേയും സംയുക്താഭിമുഖ്യത്തിൽ നടത്തിയത് ഹൃദ്യമായ അനുഭവമായി. സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട നാനൂറ് വിദ്യാർത്ഥികളും ഇരുനൂറോളം

അദ്ധ്യാപകരുമാണ് സർഗോത്സവത്തിൽ പങ്കെടുത്തത്.

- 2017 ജനുവരി 3-ന് കേരള സർക്കാരിന്റെ പരമോന്നതസാഹിത്യബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരം സി.രാധാകൃഷ്ണന് മുഖ്യമന്ത്രി പിണറായി വിജയൻ സമർപ്പിച്ചു. സാംസ്കാരികവകുപ്പുമന്ത്രി എ.കെ.ബാലൻ അധ്യക്ഷത വഹിച്ചു. വൈശാഖൻ, കെ.പി.മോഹനൻ, സാംസ്കാരികവകുപ്പ് സെക്രട്ടറി റാണി ജോർജ് എന്നിവർ സംസാരിച്ചു.
- 2017 ജനുവരി 24-ന് ഡോ.സുകുമാർ അഴീക്കോട് അനുസ്മരണം ഡോ.സുകുമാർ അഴീക്കോട് ഫൗണ്ടേഷന്റെ സഹകരണത്തോടെ എരവിമംഗലത്ത് അഴീക്കോട് സ്മാരകത്തിൽ നിർവഹിച്ചു. അബ്ദുൾ സമദ് സമദാനി അനുസ്മരണസമ്മേളനം ഉദ്ഘാടനംചെയ്തു. വൈശാഖൻ അധ്യക്ഷത വഹിച്ചു. കെ.രാജൻ എം.എൽ.എ. മുഖ്യാതിഥിയായി പങ്കെടുത്തു. അന്നേദിവസം അക്കാദമി ഹാളിൽ നടത്തിയ അനുസ്മരണസമ്മേളനം ഡോ.സെബാസ്റ്റ്യൻപോൾ ഉദ്ഘാടനംചെയ്തു. കെ.രാജൻ എം.എൽ.എ., വൈശാഖൻ, വി.ജി.തമ്പി, ജയരാജ് വാര്യർ, പൊന്ന്യൻ ചന്ദ്രൻ, കെ.പി.മോഹനൻ തുടങ്ങിയവർ പ്രസംഗിച്ചു.
- 2017 ജനുവരി 25-ന് വി.കെ.എൻ. അനുസ്മരണം തിരുവില്വാമല ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ വി.കെ.എൻ. സ്മാരകത്തിൽ സംഘടിപ്പിച്ചു. എൻ.എസ്.മാധവൻ സ്മാരകപ്രഭാഷണം നിർവഹിച്ചു. വി. സുകുമാരൻ, ഡോ.കെ.പി.മോഹനൻ, പി.എ.ദിവാകരൻ, എം.ആർ.മണി എന്നിവർ സംസാരിച്ചു.
- 2017 ജനുവരി 26 മുതൽ 29 വരെ പട്ടാമ്പിയിൽ നടന്ന കവിതയുടെ കാർണിവൽ എന്ന സാഹിത്യസംഗമത്തിൽ വിവർത്തനശിൽപശാലയുടെ മുഴുവൻ നടത്തിപ്പും സാഹിത്യ അക്കാദമി ഏറ്റെടുത്തു.
- ഫെബ്രുവരി 13, 14 തീയതികളിൽ ചവറയിൽ വികാസ് കലാസാംസ്കാരികസമിതിയുടെ സഹകരണത്തോടെ നടത്തിയ ഒ.എൻ.വി. സ്മൃതിസമ്മേളനം കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനംചെയ്തു. ചവറ കെ.എസ്.പിള്ള, കെ.പി.മോഹനൻ, വി.എൻ.മുരളി, മങ്ങാട് ബാലചന്ദ്രൻ, എം.എ.സിദ്ധിഖ്, സി.ഉണ്ണികൃഷ്ണൻ, പി.സോമൻ, ശിവരാമൻ ചെറിയനാട് എന്നിവർ സംസാരിച്ചു.
- ഫെബ്രുവരി 14, 15, 16 തീയതികളിൽ വിയ്യൂർ ഗ്രാമീണവായനശാലയുമായി സഹകരിച്ച് നടത്തിയ ത്രിദിനപ്രഭാഷണപരമ്പരയിൽ സി.രാധാകൃഷ്ണൻ, എസ്.ശാരദക്കുട്ടി, ആലങ്കോട് ലീലാകൃഷ്ണൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.
- ഫെബ്രുവരി 18-ന് ഡയറ്റ് തൃശൂരുമായി സഹകരിച്ച് നടത്തിയ, നൂറോളം ഭാഷാധ്യാപകർ പങ്കെടുത്ത സാഹിത്യപാഠം ഏകദിനശില്പശാല ഖദീജ മുംതാസ് ഉദ്ഘാടനംചെയ്തു. ടി.ഡി.രാമകൃഷ്ണൻ, സന്തോഷ് ഏച്ചിക്കാനം, തൃശൂർ ഡി.ഡി.ഇ. സുമതി, ഡയറ്റ് പ്രിൻസിപ്പൽ അജിത് കെ.ആർ. തുടങ്ങിയവർ സംസാരിച്ചു. തുടർപരിപാടിയായി പിന്നീടുള്ള മാസങ്ങളിലും ക്ലാസുകൾ ഒരുക്കി. പി.എൻ.ഗോപീകൃഷ്ണൻ, അംബികാസുതൻ മാങ്ങാട് തുടങ്ങിയവർ അധ്യാപകരുമായി സംവദിച്ചു.






• ഫെബ്രുവരി 22-ന് സൈബർ സാഹിത്യശില്പശാല എറണാകുളം ജില്ലയിൽ മൂഴിക്കുളത്ത് ജനാവിഷ്കാര വെബ്ബ് പോർട്ടലിന്റെ സഹകരണത്തോടെ അക്കാദമി സംഘടിപ്പിച്ചു. പ്രശസ്ത പത്രപ്രവർത്തകൻ പി.സായ്നാഥ് ഉദ്ഘാടനം ചെയ്തു.

• കേരള സോഷ്യൽ സെന്റർ അബുദാബിയും ശക്തി തിയറ്റേഴ്സ് അബുദാബിയും കേരള സാഹിത്യ അക്കാദമിയും അബുദാബിയിൽവെച്ച് ഫെബ്രുവരി 16, 17, 18 തീയതികളിൽ സംഘടിപ്പിച്ച ഒ.എൻ.വി., സുകുമാർ അഴീക്കോട് സ്മരണയിൽ വൈശാഖൻ, ഇ.പി.രാജഗോപാലൻ, സുഭാഷ് ചന്ദ്രൻ, കെ.പി.മോഹനൻ തുടങ്ങിയവർ പങ്കെടുത്തു.

• ദേശാഭിമാനി അവാഡ് സമർപ്പണത്തിന്റെ ഭാഗമായി ഒരുക്കിയ എം.ടി. ഫെസ്റ്റിവലിൽ ഫെബ്രുവരി 22, 23 തീയതികളിൽ കോഴിക്കോട് ടാഗോർ ഹോളിൽ കേന്ദ്ര സാഹിത്യ അക്കാദമിയുടെ സഹകരണത്തോടെ ദേശീയ സെമിനാർ സംഘടിപ്പിച്ചു.

• ഇന്റർനാഷണൽ തിയറ്റർ ഫെസ്റ്റിവൽ ഓഫ് കേരളയുടെ ഭാഗമായി ഫെബ്രുവരി 21 മുതൽ 25 വരെ അക്കാദമി അങ്കണത്തിൽ സജ്ജമാക്കിയ വേദിയിൽ ഇറ്റ്ഫോക് കൊളോക്യം അരങ്ങേറി. വിവിധ സെഷനുകളിലായി ശിവ വിശ്വനാഥ്, അലക്സാണ്ടർ മാന്യുലോഫ്, കീർത്തി ജയിൻ, ഓബ്രി മെലർ, അനുരാധ കപൂർ, എറിൻ ബി.മി., ജാനകി ശ്രീധരൻ, ടി.ടി. ശ്രീകുമാർ, ജയപ്രകാശ് കുളൂർ, ടി.എം. എബ്രഹാം, കരിവെള്ളൂർ മുരളി, സി.കെ.തോമസ്, സതീഷ് കെ.സതീഷ്, ദീപൻ ശിവരാമൻ, വിക്രം ഫുകാൻ, ചന്ദ്രദാസൻ, സുലൈഖ ചൗധരി, അൻവർ അലി, ദാമോദർ പ്രസാദ്, സിസ്റ്റർ ജെസ്മി എന്നിവർ സംസാരിച്ചു.

• 2017 ഏപ്രിൽ 1 മുതൽ 10 വരെ നടന്ന ദേശീയ പുസ്തകോത്സവവും എഴുത്തരങ്ങ് സാംസ്കാരികോത്സവവും ലക്ഷ്മൺ ഗെയ്ക്വാദ് ഉദ്ഘാടനം ചെയ്തു. സാംസ്കാരികനഗരിക്ക് ഉത്സവച്ഛായപകർന്ന പത്തു ദിനരാത്രങ്ങൾ വിവിധ കലാപരിപാടികൾകൊണ്ടും ജനപങ്കാളിത്തംകൊണ്ടും ഏറെ ശ്രദ്ധേയമായി.

• മെയ് 4, 5, 6 തീയതികളിൽ കോതമംഗലം 'കല'യുടെ സഹകരണത്തോടെ നടന്ന സംസ്ഥാന കഥാശില്പശാല വൈശാഖൻ ഉദ്ഘാടനംചെയ്തു.

• മെയ് 19, 20 തീയതികളിൽ ചാവക്കാട് മണത്തലയിൽ സംഘടിപ്പിച്ച കലാഗ്രാമം കഥ-കവിത ശില്പശാല ഏറെ ശ്രദ്ധേയമായി.

• ഏപ്രിൽ 21, 22, 23 തീയതികളിൽ സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ സഹകരണത്തോടെ നടന്ന 'എഴുത്തിന്റെ വനപർവ്വം' എന്ന പേരിലുള്ള ത്രിദിന വനവാസക്യാമ്പ് എഴുത്തുകാരുടെയും പരിസ്ഥിതിസ്നേഹികളുടെയും തുറന്ന സംവാദംകൊണ്ട് അത്യന്തം ശ്രദ്ധേയമായി.

• മെയ് 14, 15, 16 തീയതികളിൽ പൊതുവിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ തിരുവനന്തപുരത്ത് നടന്ന അധ്യാപകസാഹിത്യശില്പശാല ഏറെ ശ്രദ്ധേയമായി. സമാപനസമ്മേളനം വിദ്യാഭ്യാസവകുപ്പ് മന്ത്രി സി.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു.

• അരിമ്പൂർ മഹാത്മാ ഗ്രന്ഥശാലയുടെ സഹകരണത്തോടെ ജൂൺ മാസം മുതൽ സാഹിതീയം 2017 എന്ന പേരിൽ എഴുത്തുകാരുമായുള്ള സർഗസംവാദപരമ്പര സംഘടിപ്പിച്ചു. സി.രാധാകൃഷ്ണൻ, എൻ.എസ്.മാധവൻ,

ബെന്യാമിൻ, സുഭാഷ് ചന്ദ്രൻ, ആലങ്കോട് ലീലാകൃഷ്ണൻ, പി.എൻ.ഗോപീകൃഷ്ണൻ, രാവുണ്ണി എന്നിവർ പങ്കെടുത്തു.

- ജൂൺ 10, 11 തീയതികളിൽ അക്കാദമിയുടെ അറുപതാംവാർഷികാഘോഷവും പുരസ്കാരസമർപ്പണസമ്മേളനവും പ്രൗഢമായ നിലയിൽ കൊണ്ടാടി.
- ജൂൺ 1-ന് കോവിലൻ ഓർമ്മ പരിപാടിയിൽ ഡോ.കെ.എം.അനിൽ മുഖ്യപ്രഭാഷണം നടത്തി. വൈശാഖൻ അധ്യക്ഷതവഹിച്ചു.
- ജൂലായ് 1 മുതൽ 10 വരെ കണ്ണൂർ മഹാത്മാമന്ദിരത്തിൽ നടന്ന പുസ്തകോത്സവം വലിയ വിജയമായി. കെ.കെ.രാഗേഷ് എം.പി. ഉദ്ഘാടനംചെയ്തു. പുസ്തകോത്സവത്തിന്റെ ഭാഗമായി നടന്ന കഥാവേള അംബികാസുതൻ മാങ്ങാട് ഉദ്ഘാടനംചെയ്തു. പുസ്തകപ്രകാശനം, കവിയരങ്ങ് എന്നിവയും നടന്നു.
- ഗ്രാമിക കുഴിക്കാട്ടുശ്ശേരിയുമായി സഹകരിച്ച് ഇ.കെ.ദിവാകരൻപോറ്റി ജന്മശതാബ്ദി പ്രഭാഷണപരമ്പര സംഘടിപ്പിച്ചു. സൂക്ഷ്മരാഷ്ട്രീയത്തിന്റെ ഭിന്നമുഖങ്ങൾ എന്ന പൊതുശീർഷകത്തിന് കീഴിൽ വരുന്ന വ്യത്യസ്തപ്രമേയങ്ങൾ എം.എൻ.കാരശ്ശേരി, ഡോ.പി.പവിത്രൻ, ഡോ.കെ.എം.അനിൽ, കെ.ഇ.എൻ., ഡോ.എം.ജി.എസ്.നാരായണൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.
- കൊൽക്കത്ത കൈരളി സമാജവുമായി സഹകരിച്ച് കൊൽക്കത്തയിൽ സംഘടിപ്പിച്ച കിനാർ ഥേക്കേ കിനാരേ സെമിനാറിൽ വൈശാഖൻ, ഇന്ദ്രനാഥ് ഗുഹ, ടി.കെ.ഗോപാലൻ, ടി.അജയകുമാർ, കെ.പി.മോഹനൻ, സുനിൽ പി. ഇളയിടം, ആലങ്കോട് ലീലാകൃഷ്ണൻ, ഇ.പി.രാജഗോപാലൻ, എസ്.ശാരദക്കുട്ടി, കെ.എം.അനിൽ, സുസ്മേഷ് ചന്ത്രോത്ത്, സുനിൽ ഞാളിയത്ത് എന്നിവർ പങ്കെടുത്തു.
- ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സഹകരണത്തോടെ നടത്തിയ



ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലി നിഘണ്ടു ശതാബ്ദിസെമിനാർ ജൂലായ് 12ന് കാലടിയിൽ വൈശാഖൻ ഉദ്ഘാടനംചെയ്തു. ധർമ്മരാജ് അടാട്ട്, കെ.എസ്.രവികുമാർ, കെ.പി.മോഹനൻ, സുനിൽ പി.ഇളയിടം, ടി.ബി.വേണുഗോപാലപ്പണിക്കർ തുടങ്ങിയവർ സംസാരിച്ചു.

- ഉറൂബ് സാംസ്കാരികസമിതിയുമായി സഹകരിച്ച് കോഴിക്കോട്ട് നടത്തിയ ഉറൂബ് അനുസ്മരണപരിപാടി ജൂലായ് 10-ന് ഖദീജ മുംതാസ് ഉദ്ഘാടനംചെയ്തു. മാമുക്കോയ, കെ.ഇ.എൻ., എൻ.ശശിധരൻ, വി.ആർ.സുധീഷ്, ഇ.മാധവൻ, സുഭാഷ്ചന്ദ്രൻ, കെ.പി.മോഹനൻ തുടങ്ങിയവർ പങ്കെടുത്തു. വി.ടി.മുരളിയുടെ നേതൃത്വത്തിൽ ഉറൂബ് ചലച്ചിത്രങ്ങളിലെ ഗാനങ്ങൾ ആലപിക്കപ്പെട്ടു.
- അക്കാദമി സംഘടിപ്പിച്ച മൂന്നുദിവസം നീണ്ട രാമായണപ്രഭാഷണപരമ്പരയിൽ എം.കെ.സാനു, സുനിൽ പി.ഇളയിടം, എം.എൻ.കാരശ്ശേരി എന്നിവർ പ്രഭാഷണങ്ങൾ നടത്തി. ഖദീജ മുംതാസ്, ആലങ്കോട് ലീലാകൃഷ്ണൻ, കെ.പി.മോഹനൻ എന്നിവർ സംസാരിച്ചു.
- കവിതയുടെ ശക്തിസൗന്ദര്യങ്ങൾ തേടുന്ന ആഗ്നേയം കവിതാശില്പശാല കുന്നംകുളത്ത് സച്ചിദാനന്ദൻ ഉദ്ഘാടനംചെയ്തു. വൈശാഖൻ, സുനിൽ പി.ഇളയിടം, വി.കെ.ശ്രീരാമൻ, റഫീക്ക് അഹമ്മദ്, ആലങ്കോട് ലീലാകൃഷ്ണൻ, എസ്.ശാരദക്കുട്ടി, വി.എം.ഗിരിജ, കെ.സി.നാരായണൻ, ജോയ് മാത്യു, കെ.എൻ.



ഷാജി, വി.ജി.തമ്പി, പി.പി.രാമചന്ദ്രൻ, പി.എൻ. ഗോപീകൃഷ്ണൻ, എം.വി.നാരായണൻ, വി. കെ.സുബൈദ, പി.രാമൻ, പ്രമോദ് രാമൻ തുടങ്ങിയവർ പ്രഭാഷണങ്ങൾ നടത്തി.

- ജനപങ്കാളിത്ത വെബ് പോർട്ടലായ ജനാവിഷ്കാരയുമായി സഹകരിച്ച് എറിക് ഹോബ്സ്ബോം ജന്മശതാബ്ദി വർഷത്തിൽ അക്കാദമി പ്രഭാഷണപഞ്ചകം നടത്തി. പ്രഭാഷണപഞ്ചകത്തിന് ബാലമോഹൻതമ്പി തിരുവനന്തപുരത്ത് തുടക്കം കുറിച്ചു. സിദ്ധാർത്ഥ് വരദരാജൻ (തിരുവനന്തപുരം), ഗൗഹർ റാസ (തൃശൂർ), എം. വി.നാരായണൻ (പാലക്കാട്), ജ്യോതിർമയ ശർമ്മ (കോഴിക്കോട്), അർച്ചന പ്രസാദ് (കണ്ണൂർ) തുടങ്ങിയവർ പ്രഭാഷണങ്ങൾ നടത്തി.
- ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല തിരൂർ പ്രാദേശികകേന്ദ്രത്തിന്റെ സഹകരണത്തോടെ ഭാഷ, എഴുത്ത്, വികസനം എന്ന വിഷയത്തിൽ ദേശീയ സെമിനാർ ഓഗസ്റ്റ് 23, 24, 25 തീയതികളിൽ തിരുനാവായിൽ സംഘടിപ്പിച്ചു. എം.മുകുന്ദൻ ഉദ്ഘാടനം ചെയ്തു.
- പുന്നയൂർക്കുളത്ത് കമല സുറയ്യ സ്മാരകത്തിൽ നീർമാതാളത്തണലിൽ എന്ന പേരിൽ എഴുത്തുകാരികളുടെ സംഗമം സെപ്തംബർ 9, 10 തീയതികളിലായി നടന്നു. ഒറിയ എഴുത്തുകാരി പ്രതിഭാ റായ് ഉദ്ഘാടനംചെയ്തു. മൃദുല ഗാർഗ്, കെ.വി.ശൈലജ, സാറാജോസഫ്, ഡോ.സുലോചന നാലപ്പാട്ട്, കെ.വി. അബ്ദുൾ ഖാദർ എം.എൽ.എ., കെ.പി.മോഹനൻ, മ്യൂസ് മേരി ജോർജ് തുടങ്ങിയവർ സംസാരിച്ചു.
- സെപ്തംബർ 15, 16, 17 തീയതികളിൽ നീലേശ്വരം അഴിത്തല കടപ്പുറത്ത് കടലെഴുത്തുകൾ എന്ന സാഹിത്യപരിപാടി എം.എ.ബേബി ഉദ്ഘാടനംചെയ്തു. സർഗാത്മകതയെ തൊട്ടുണർത്തുന്ന കടലും കടലോരജീവിതവും എഴുത്തിൽ എങ്ങിനെയൊക്കെ ആവിഷ്കരിക്കപ്പെട്ടു എന്നതിലേക്ക് ഒരന്വേഷണമായിരുന്നു കടലെഴുത്തുകൾ. മീൻപെരുമ പ്രദർശനവും നടന്നു.
- ഡൽഹി-കേരള സാംസ്കാരികപൈതൃകോത്സവം ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളും കേരള മുഖ്യമന്ത്രി പിണറായി വിജയനും സംയുക്തമായി ഉദ്ഘാടനംചെയ്തു. മന്ത്രിമാരായ എ.കെ.ബാലൻ, കടകംപള്ളി സുരേന്ദ്രൻ, കടന്നപ്പള്ളി രാമചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു. സാംസ്കാരികഅന്യോന്യം എം.എ.ബേബി ഉദ്ഘാടനം ചെയ്തു. സി.രാധാകൃഷ്ണൻ, സച്ചിദാനന്ദൻ, എം.മുകുന്ദൻ, വൈശാഖൻ, കെ.പി.മോഹനൻ എന്നിവർ സംസാരിച്ചു.
- സെപ്തംബർ 22, 23 തീയതികളിൽ കൊടകര സഹൃദയ കോളേജുമായി സഹകരിച്ച് സഹിതം 2017 ദ്വിദിന സാഹിത്യശില്പശാല സംഘടിപ്പിച്ചു.
- ഒക്ടോബർ 5, 6 തീയതികളിൽ കോഴിക്കോട് യൂണിവേഴ്സിറ്റി സംസ്കൃതവകുപ്പുമായി സഹകരിച്ച് ഇന്ത്യൻ ധൈഷണികപാരമ്പര്യങ്ങൾ: ആശയങ്ങളും പരിഗണനകളും എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു.
- ഭാരത് ഭവനും പ്രൊഫ.ജോസഫ് മുണ്ടശേരി ഫൗണ്ടേഷനുമായി സഹകരിച്ച് തിരുവനന്തപുരത്ത് ഒക്ടോബർ 21, 22 തീയതികളിൽ ഒ.എൻ.വി.സ്മൃതി 2017 സംഘടിപ്പിച്ചു. സുഗതകുമാരി ഉദ്ഘാടനംചെയ്തു. സെമിനാർ സച്ചിദാനന്ദനും സാംസ്കാരികസമ്മേളനം എം.എ.ബേബിയും ഉദ്ഘാടനം ചെയ്തു.



• വൈലോപ്പിള്ളി സ്മാരകസമിതിയുമായി സഹകരിച്ച് അക്കാദമി തൃശൂരിൽ സംഘടിപ്പിച്ച ത്രിദിന നാടകപഠനക്യാമ്പ് സെപ്തംബർ 30-ന് ആരംഭിച്ചു. പി.വി.കൃഷ്ണൻനായർ, പി.എൻ.പ്രകാശ്, കെ.പി.ശങ്കരൻ, വി.കെ.വിജയൻ, ടി.ടി.പ്രഭാകരൻ, എൻ.അജയ്കുമാർ, ടി.എം.അബ്രാഹം, സാവിത്രി ലക്ഷ്മണൻ, ടി.ശ്രീകുമാർ, എസ്.കെ.വസന്തൻ, കെ.വി.രാമകൃഷ്ണൻ, ശ്രീജ ആറങ്ങോട്ടുകര, ഇ.പി.രാജഗോപാലൻ, കെ.പി.മോഹനൻ എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

• ഒക്ടോബർ 24-ന് തൃശൂരിൽ സി.പി.ശ്രീധരസ്മൃതി ബി.രാജീവൻ ഉദ്ഘാടനം ചെയ്തു.

• ഒക്ടോബർ 27, 28, 29 തീയതികളിലായി കാഞ്ഞങ്ങാട് പി.കുഞ്ഞിരാമൻനായർ സ്മൃതി നടത്തി. ടി.പത്മനാഭൻ ഉദ്ഘാടനം ചെയ്തു.

• ഒക്ടോബർ 27, 28 തീയതികളിൽ കൊല്ലത്ത് എ.പി.കളക്കാട് സ്മാരകട്രസ്റ്റുമായി ചേർന്ന് അക്കാദമി സംഘടിപ്പിച്ച തൊഴിലാളിവർഗ്ഗസാഹിത്യം മലയാളത്തിൽ സെമിനാർ എം.എ. ബേബി ഉദ്ഘാടനംചെയ്തു. കെ.സോമപ്രസാദ് എം.പി., കെ.പി.മോഹനൻ, വി.എൻ.മുരളി, കെ.രാജഗോപാലൻ, ചവറ കെ.എസ്.പിള്ള, പി.സോമനാഥൻ, എം.കരുണാകരൻ, സി.ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു.

• മൂലധനത്തിന്റെ 150-ാം ജന്മവർഷത്തിൽ, നവംബർ 18, 19, 20 തീയതികളിൽ നടന്ന മാർക്സിസവും മൂലധനവും സെമിനാറിൽ സുനിൽ പി.ഇളയിടം പ്രബന്ധം അവതരിപ്പിച്ചു.

• അക്കാദമി പ്രസിദ്ധീകരിച്ച മഹാകവി കുട്ടമത്തിന്റെ സമ്പൂർണകൃതികൾ കാസർഗോഡ് ചെറുവത്തൂരിൽവെച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

• അക്കാദമി പ്രസിദ്ധീകരിച്ച ഇ.എം.എസ്. എഴുതിയ തെരഞ്ഞെടുത്ത പ്രബന്ധങ്ങളുടെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവ്വഹിച്ചു.

• നവംബർ 11, 12 തീയതികളിൽ സിംഗപൂർ മലയാളി സമാജത്തിന്റെ നൂറാംവാർഷികത്തോട് അനുബന്ധിച്ച് സാഹിത്യ അക്കാദമിയുടെ സഹകരണത്തോടെ സിംഗപൂരിൽ നടന്ന സാഹിത്യസദസ്സിൽ എം.മുകുന്ദൻ, വൈശാഖൻ, ടി.ഡി.രാമകൃഷ്ണൻ, ഖദീജ മുംതാസ്, കെ.പി.മോഹനൻ എന്നിവർ പങ്കെടുത്തു.




• നവംബർ 24, 25, 26 തീയതികളിൽ നീലേശ്വരം ഡോ.പി.കെ.രാജൻ സ്മാരക വില്ലേജ് ക്യാമ്പസിൽ നടത്തിയ കലാലയവിദ്യാർത്ഥികൾക്കായുള്ള ഷെഹ്റസാദ്: ആഖ്യാനവും അതിജീവനവും ചെറുകഥാശില്പശാല സംഘടിപ്പിച്ചു. എം.മുകുന്ദൻ, എം.എ.റഹ്മാൻ, ഇ.പി.രാജഗോപാലൻ, എ.എം.ശ്രീധരൻ, റീജ വി., ശ്രീരേഖചന്ദ്രൻ, ടി.പി.വേണുഗോപാലൻ തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം നല്കി.

• നവോത്ഥാനപ്രസ്ഥാനത്തിന്റെ സൂര്യതേജസ്സായ സ്വാമി വിവേകാനന്ദൻ കേരളം സന്ദർശിച്ചതിന്റെ 125-ാംവാർഷികം അക്കാദമി കൊണ്ടാടി. സ്വാമി വിവേകാനന്ദനും ഇന്ത്യൻ നവോത്ഥാനവും എന്ന വിഷയത്തിൽ നടന്ന സെമിനാർ സ്വാമി നന്ദാത്മജാനന്ദ ഉദ്ഘാടനംചെയ്തു. കെ.ജി.പൗലോസ് മുഖ്യപ്രഭാഷണം നടത്തി. കേരള കലാമണ്ഡലം അവതരിപ്പിച്ച നൃത്തനൃത്യങ്ങൾ അരങ്ങേറി.

• എം.കെ.സാനു ഫൗണ്ടേഷനുമായി സഹകരിച്ച് ഡിസംബർ 12-ന് തൃശൂരിൽ നടത്തിയ സി.ജെ.തോമസ് ജന്മശതാബ്ദി സമ്മേളനത്തിൽ അക്കാദമി പ്രസിദ്ധീകരിച്ച സി.ജെ.യുടെ ലേഖനങ്ങൾ എന്ന പുസ്തകത്തിന്റെ പ്രകാശനം ചന്ദ്രശേഖരകമ്പാർ നിർവഹിച്ചു. എം.കെ.സാനു, വൈശാഖൻ, എൻ.രാധാകൃഷ്ണൻനായർ, സുധാകരൻ രാമന്തളി, ഇ.പി.രാജഗോപാലൻ, കെ.പി.മോഹനൻ എന്നിവർ സംസാരിച്ചു. രാവിലെ നടന്ന സെമിനാറിൽ എം.തോമസ് മാത്യു, ടി.എം.എബ്രഹാം, ജോൺപോൾ എന്നിവർ പങ്കെടുത്തു.

• ഡിസംബർ 28, 29, 30 തീയതികളിൽ പൊന്നാനിയിൽ സംഘടിപ്പിച്ച ഇടശ്ശേരി-ഉറൂബ് സ്മാരക കവി-കാഥിക ക്യാമ്പ് ഏറെ ശ്രദ്ധേയമായി.

• ഡിസംബർ 29, 30 തീയതികളിൽ നാട്ടുണർവ് 2018-ഉം അക്കാദമിയും സംയുക്തമായി മണലൂരിൽ സാഹിത്യകളരി സംഘടിപ്പിച്ചു.

• ഡിസംബർ 31-ന് വള്ളത്തോൾ വിദ്യാപീഠവുമായി സഹകരിച്ച് എം.പി.ശങ്കുണ്ണിനായർ ജന്മശതാബ്ദി സെമിനാർ അയ്യന്തോൾ അപ്പൻ തമ്പുരാൻ സ്മാരകത്തിൽ സംഘടിപ്പിച്ചു.

• മേജിക് അക്കാദമിയുടേയും കണ്ണൂർ പ്രസ് ക്ലബ്ബിന്റേയും അക്കാദമിയുടേയും സംയുക്താഭിമുഖ്യത്തിൽ ജനുവരി 1-ന് ടി.പത്മനാഭന്റെ ഒടുവിലത്തെ പാട്ട് എന്ന ചെറുകഥക്ക് ഗോപിനാഥ് മുതുകാട് നൽകിയ മാന്ത്രികാവിഷ്കാരത്തിന് അരങ്ങൊരുക്കി.

• ലോകകേരളസഭയ്ക്ക് മുന്നോടിയായി പ്രവാസി സെമിനാർ മലപ്പുറത്ത് സംഘടിപ്പിച്ചു.

• ജനുവരി 3-ന് എൻ.പി.മുഹമ്മദ് അനുസ്മരണസമിതിയുടെ സഹകരണത്തോടെ കോഴിക്കോട് നടന്ന എൻ.പി.മുഹമ്മദ് അനുസ്മരണ സമ്മേളനം ശ്രദ്ധേയമായി.

• കേരള സംഗീത നാടക അക്കാദമിയുമായി സഹകരിച്ച് എഴുത്തും പ്രതിരോധവും എന്ന വിഷയത്തിൽ ബാംഗ്ലൂരിൽ നടത്തിയ സെമിനാറിലും കവിസമ്മേളനത്തിലും കെ.ജി.ശങ്കരപ്പിള്ള, സച്ചിദാനന്ദൻ, വി.മധുസൂദനൻനായർ, കുരീപ്പുഴ ശ്രീകുമാർ, കെ.പി.മോഹനൻ, പി.എൻ.ഗോപീകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

• ജനുവരി 26, 27 തീയതികളിൽ മുംബൈയിൽ സാഹിത്യ അക്കാദമി സംഘടിപ്പിച്ച സമ്മേളനത്തിൽ സച്ചിദാനന്ദൻ, സുഭാഷ് ചന്ദ്രൻ, ഖദീജ മുംതാസ്, ടി.ഡി.രാമകൃഷ്ണൻ, ജി.മധുസൂദനൻ, കരിവെള്ളൂർ മുരളി, കെ.പി.മോഹനൻ എന്നിവർ പ്രഭാഷണം നടത്തി. ●

# കലാസാഹിത്യമത്സരങ്ങൾ

ലളിതഗാനം (ഫെബ്രു 2)

കവിതാലാപനം (ഫെബ്രു 3)

ചിത്രരചന (ഫെബ്രു 4)

പ്രസംഗം (ഫെബ്രു 5)

കഥാരചന (ഫെബ്രു 6)

കവിതാരചന, കാവ്യകേളി (ഫെബ്രു 7)

സാഹിത്യക്വിസ് (ഫെബ്രു 8)

പൊതുജനപ്രശ്നോത്തരി (ഫെബ്രു 9)

അക്കാദമിയുടെ സാക്ഷ്യപത്രവും 5,000/-, 3,000/-, 2,000/- രൂപ (വ്യക്തിഗതം), 7,000/-, 5,000/-, 3,000/- രൂപ (ടീം മത്സരം) ക്യാഷ് പ്രൈസുമാണ് സമ്മാനം.

റഗുലർ-പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ലളിതഗാനം, കവിതാലാപനം, പ്രസംഗം, കഥാരചന, കവിതാരചന എന്നിവയ്ക്ക് എട്ടു മുതൽ പ്ലസ് ടു വരെയും (ഹൈസ്കൂൾതലം) ഡിഗ്രി മുതലുള്ള പ്രൊഫഷണൽ വിദ്യാർത്ഥികൾക്കും (കോളേജ്തലം) പങ്കെടുക്കാം.

സാഹിത്യക്വിസ്സിൽ (കോളേജ്തലം മാത്രം) ഒരു ടീമിൽ രണ്ടുപേർക്ക് പങ്കെടുക്കാം. എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലങ്ങളിലായിരിക്കും ചിത്രരചനാമത്സരം. പൊതുജനപ്രശ്നോത്തരിയിൽ പ്രായഭേദമെന്യേ എല്ലാവർക്കും പങ്കെടുക്കാം. ചിത്രരചനയിൽ പങ്കെടുക്കുന്നവർ ബ്രഷ്, ചായം എന്നിവ കൊണ്ടുവരേണ്ടതാണ്. പേപ്പർ അക്കാദമി നൽകും. ചിത്രരചനയ്ക്കൊഴികെ എല്ലാ വിഭാഗത്തിലും 50 രൂപ രജിസ്ട്രേഷൻ ഫീ നൽകണം. ●





Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at Carmel Press, Thrissur | Design : Roy Akkara